"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്-സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണം 2026- ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള തുക അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.709/2026/SCSTD തീയതി,തിരുവനന്തപുരം, 25-09-2026

---

പരാമർശം:-
1. 20.08.2026 തീയതിയിലെ സ.ഉ(സാധാ) നം.595/2026/പജപവവിവ .
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 09.09.2026 തീയതിയിലെ SCDD/4347/2026-B3(Dev.B3) നമ്പർ കത്ത്.

**ഉത്തരവ്**

മഹാത്മാഗാന്ധിയുടെ ജന്മദിനത്തോടനുബന്ധിച്ച് ഒക്ടോബർ 2 മുതൽ 15 വരെ പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ, എല്ലാ വർഷവും പട്ടികജാതി വിഭാഗക്കാരുടെ സാമൂഹിക ഉന്നമനത്തിനുതകുന്ന പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണമായി ആചരിച്ചുവരുന്നു.

2026-ലെ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, ലൈബ്രറികൾ, ക്ലബ്ബുകൾ തുടങ്ങിയവയുമായി സഹകരിച്ച് വിപുലമായ പ്രചാരണത്തോടെ വിവിധ പരിപാടികൾ പട്ടികജാതി ജനസംഖ്യയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനും 14 ജില്ലകൾക്കായി 16,00,000/-രൂപയും ഉദ്ഘാടന സമാപന പരിപാടികൾക്ക് ജില്ലകൾക്കായി 5,00,000/-രൂപയും ചീഫ് പബ്ലിസിറ്റി ഓഫീസർക്ക് 3,00,000/-രൂപയും ചേർത്ത് ആകെ 24,00,000/-രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് ഇതിലേയ്ക്ക് ആവശ്യമായ തുക 2225-01-800-86-01 (P) Central Share, 2225-01-800-86-02 (P) State share രണ്ട് ശീർഷകങ്ങളിലായി അനുവദിച്ചു നൽകേണ്ടതുണ്ടെന്നും എന്നാൽ നിലവിൽ ടി ശീർഷകത്തിൽ തുക ലഭ്യമല്ലാത്തതിനാൽ 2225-01-001-94-34-03 (Modernisation and E-governance initiatives in SC Development Department) എന്ന ശീർഷകത്തിൽ നിന്നും ടി തുക അനുവദിച്ച് ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം

പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പ് എല്ലാ വർഷവും നടത്തിവരുന്ന സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണ പരിപാടിയുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത്, 2026ലെ സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ചുള്ള ചെലവുകൾക്കായി, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ട 24,00,000/-രൂപ (ഇരുപത്തിനാല് ലക്ഷം രൂപ മാത്രം) 2225-01-001-94-00-34-03 Modernization and E-Governance Initiatives in SC Development Department PV എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SEEMA S**
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ&ജനറൽ സെക്ടർ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കണോമിക് & റവന്യൂ സെക്ടർ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, അഡീഷണൽ സബ് ട്രഷറി , വഞ്ചിയൂർ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂമീഡിയ, ഐ&പി.ആർ.ഡി, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Anju K R
Date: 25-09-2026
12:58:46
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്